5/1/2025 Item Code: 944 Participant Code: 325

ശാസ്ത്രാവബോധം സമൂഹത്തിന്റെ വളർച്ചക്ക്.

അല്പകാലം മുൻപ് വരെ തികച്ചും സൈദ്ധാന്തികമായി മാത്രം കൈകാര്യം ചെയ്യപ്പെട്ടിരുന്ന ശാസ്ത്രം ഇന്ന് ഈ ഉത്തരാധുനിക കാലത്ത് എത്തിനിൽക്കുമ്പോൾ ബഹിരാകാശപേടകങ്ങളുടെയും, അന്തർവാഹിനികളുടെയും നിർമ്മിതബുദ്ധിയുടെയും വരെ വളർച്ചയിൽ എത്തിനിൽക്കുന്നു. ശാസ്ത്രവളർച്ച അതിന്റെ പാരമ്യത്തിലെത്തിനിൽക്കുന്ന ഈ ഘട്ടത്തിൽ നാം അഭിസംബോധന ചെയ്യേണ്ട സുപ്രധാന വിഷയമാണ് - നമ്മുടെ ശാസ്ത്രബോധം ശാസ്ത്രത്തോളം വളർന്നിട്ടുണ്ടോ?

ഭരണഘടനയുടെ നാൽപ്പത്തിയൊന്നാം അനുച്ഛേദത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതാണ് ശാസ്ത്രബോധം അഥവ സൈന്റിഫിക് ടെംപർ. എന്നാൽ അതേ നാട്ടിലാണ് ജാതിയടിസ്ഥാനത്തിൽ മനുഷ്യന്റെ അന്തസ്സിനു വിലയിടുന്നതും, ദൈവപ്രീതിക്ക് നരബലി നൽകുന്നതും, രജസ്വലയായ സ്ത്രീ അശുദ്ധയെന്ന് മുദ്രകുത്തപ്പെടുന്നതുമെല്ലാമെന്ന വൈരുദ്ധ്യങ്ങൾ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ സമൂഹപുരോഗതിക്ക് ശാസ്ത്രം അത്യന്താപേക്ഷിതമാവുന്നത് എന്തുകൊണ്ടാണ്?

~~ശാസ്ത്രത്തിന്റെ വളർച്ചക്ക് ഒരു നാം കേരളം~~

'ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു' എന്ന തികച്ചും പുരോഗമന വിരുദ്ധ ചിന്തയിലൂന്നിയ ചിന്താഗതി ഒരുകാലത്ത് നമ്മുടെ സമൂഹത്തെ വലിയതോതിൽ ഗ്രസിച്ചിരുന്നു. എന്നാൽ അക്കാലത്ത് ടി.വിയെയും റേഡിയോയും മൊബൈൽ ഫോണിനെ-യുമെല്ലാം 'പിശാചിന്റെ പെട്ടി' എന്ന് വിശേഷിപ്പി-ച്ചിരുന്നവർ പോലും, ഇന്ന് തങ്ങളുടെ പ്രത്യയശാസ്ത്ര പ്രചരണത്തിന് നവമാധ്യമങ്ങളാണ് ഉപയോഗിക്കുന്നത്. ശാസ്ത്രപുരോഗതിയുടെ മാർഗമുടക്കികൾക്ക് വർത്തമാന കാലത്തിന്റെ ആവാസവ്യവസ്ഥയിൽ അസ്തിത്വം തന്നെയില്ല എന്നതാണ് യാഥാർത്ഥ്യം. ആദിത്യ എൽ വൺ പോലുള്ള ബഹിരാകാശപേടകങ്ങളുടെ വിക്ഷേപണത്തിനുമുമ്പ് തേങ്ങയുടച്ച് തിലകംചാർത്തി ആരതിയുഴിയുന്ന ഒരു നാട്ടിലിരുന്നാണ് നാം 'ശാസ്ത്രത്തോളം ശാസ്ത്രബോധം വളർന്നുവോ'

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 944 Participant Code: 325

എന്ന് പരിശോധിക്കുന്നത്!

ശാസ്ത്രബോധമില്ലാത്ത അയുക്തിവാദികൾ സമൂഹത്തിന്റെ വളർച്ചയ്ക്ക് വിലങ്ങുതടിയും വെല്ലുവിളിയുമാണ് എന്നതിൽ സംശയമില്ല. ശാസ്ത്രബോധമില്ലാത്ത സമൂഹത്തിൽ ആദ്യത്തെ അനന്തരഫലം - ജാതിയുടെ പേരിൽ, വർഗ്ഗത്തിന്റെ പേരിൽ, കുലമഹിമയുടെ പേരിൽ, ലിംഗവൈവിധ്യത്തിന്റെ പേരിൽ എല്ലാം മനുഷ്യർ തരംതിരിക്കപ്പെടുകയും, പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യും എന്നതാണ്. ദളിതന്റെ തലയിൽ മൂത്രമൊഴിച്ചാൽ അത് തികച്ചും സ്വാഭാവികമായി മാത്രം കാണുന്ന ഒരു രാജ്യമാണ് ഇത്! സ്ത്രീയുടെ സ്വാതന്ത്ര്യം പുരുഷന്റെ ഔദാര്യമായി കാണുന്ന രാജ്യമാണ് ഇത്! "പിതൃരക്ഷതി കൗമാരേ, ഭർതൃരക്ഷതി യൗവനേ, പുത്രരക്ഷതി വാർദ്ധക്യേ, ന: സ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന് എഴുതിവെച്ച പ്രത്യയശാസ്ത്രകാപട്യത്തെ പൊളിച്ച് വാർക്കുന്നതാണ് ഭരണഘടനയെന്ന വിശുദ്ധഗ്രന്ഥം. ആ ഭരണഘടനയുടെ യഥാർത്ഥ ആത്മാ: സത്ത

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 944 Participant Code: 325

ഉൾക്കൊള്ളുവാൻ സമൂഹമനസ്സ് പാകപ്പെടാത്തിടത്തോളം നാം ശാസ്ത്രബോധം കൈവരിച്ചു എന്ന് പറയുവാൻ വയ്യ! 'കാര്യസാധ്യത്തിന് നരബലി അത്യുത്തമം' എന്ന് പറയുമ്പോൾ അത് അന്ധമായി അനുസരിക്കുന്നവർ പ്രബുദ്ധകേരളം എന്ന് മേനിനടിക്കുന്ന നമ്മുടെ നാട്ടിലും നിലനിൽക്കുന്നു എന്നത് ലജ്ജയുളവാക്കുന്ന സത്യമാണ്. കഴിഞ്ഞ ദിവസങ്ങളിലെ ദിനപത്രങ്ങളുടെ ഒരു തലക്കെട്ടായിരുന്നു അത്തരമൊരു വാർത്ത! ഇതെല്ലാം സമൂഹപുരോഗതിയുടെ എതിർധ്രുവത്തിലാണ് എന്നത് പകൽപോലെ സ്പഷ്ടമാണെന്നിരിക്കെ, ശാസ്ത്രബോധം എത്ര സുപ്രധാനമാണെന്ന് മനസ്സിലാക്കാം.

ശാസ്ത്രബോധം എന്നാൽ അന്ധവിശ്വാസവിരുദ്ധതമാത്രമായി ചുരുക്കിയെഴുതിക്കൂടാ! ശാസ്ത്രപുരോഗതിയുടെ ഭാഗമായി വരുന്ന എല്ലാം മാറ്റങ്ങളോടും എങ്ങനെ പൊരുത്തപ്പെടണമെന്നും, ശാസ്ത്രത്തെ ക്രിയാത്മകമായി എങ്ങനെ വിനിയോഗിക്കണമെന്നുമുള്ള അവബോധത്തെയും നമ്മൾ പരിഗണിക്കേണ്ടതുണ്ട്.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 944 Participant Code: 325

നമ്മുടെ ഭൂഗോളത്തിന്റെ മറുഭാഗത്ത് മാർക്ക് സക്കർബർഗും, ഇലോൺ മസ്കും അടക്കമുള്ളവർ ഫെയ്സ്ബുക്കും, ഇൻസ്റ്റഗ്രാമും, പെയ്പാലും പോലുള്ള നവമാധ്യമങ്ങൾ മുതൽ ~~ചന്ദ്രനിൽ~~ ചൊവ്വയിൽ അധിവാസം സ്ഥാപിക്കുന്നതിനുള്ള ബഹിരാകാശ ~~ദൗത്യ~~ ദൗത്യങ്ങൾക്ക് വരെ നേതൃത്വം നൽകുമ്പോൾ, ഭാരതത്തിൽ നിന്ന് എത്ര ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് ചിന്തിക്കേണ്ടതുണ്ട്. സുന്ദർ പിച്ചൈ അടക്കമുള്ളവർ ഭാരതത്തിന് അഭിമാനിക്കാവുന്ന വ്യക്തിനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്ന് നമുക്ക് ~~പ~~ പറയാമെങ്കിലും അത് കേവലം വിരലിലെണ്ണാൻ പോലും വിരളമാണ് എന്നതാണ് വാസ്തവം! . ഇൻസ്റ്റഗ്രാമിലും മറ്റും പ്രധാനവ്യക്തികളുടെയും പ്രശസ്തരുടെയും എഡിറ്റ് ചെയ്ത ഡാൻസ്‌വീഡിയോകളും ട്രോളുകളും പ്രചരിക്കുന്നത് നാം കണ്ടിട്ടുണ്ട്. എന്നാൽ സമുദ്രങ്ങൾക്കപ്പുറമുള്ള ഒരു അമേരിക്കക്കാരന്റെ തലച്ചോറിൽ ഉദിച്ച നവമാധ്യമം എന്ന സംവിധാനത്തിൽ കേവലം ട്രോളുകളുണ്ടാക്കുന്നതിലേക്ക് നമ്മുടെ രാജ്യത്തിന്റെ തലച്ചോറുകളുടെ ശക്തി പാഴാകുന്നത് ശാസ്ത്രബോധത്തിന്റെ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 944 Participant Code: 325

ഏൽക്കുന്ന വലിയൊരു ചതിയാണ്. ശാസ്ത്രപുരോഗതി വേണ്ടവിധം വിനിയോഗിക്കേണ്ടതെങ്ങിനെ എന്നറിയാതെ, മറ്റുള്ളവരെ പരിഹസിച്ച് അപഹാസ്യരാകുകയും, വസ്തുതാവിരുദ്ധമായി പ്രചരണങ്ങൾ അഴിച്ചുവിട്ട് മറ്റുള്ളവരെ തേജോവധം ചെയ്യാനും ശാസ്ത്രത്തെ ഉപയോഗിച്ചാൽ അത് അശ്വത്ഥാമാവ് ബ്രഹ്മാസ്ത്രം ലഭിച്ചതുപോലെ വിനാശകരമായി തീരും....

സമൂഹത്തിന്റെ വളർച്ച കേവലം അടിസ്ഥാനസൗകര്യവികസനങ്ങളും, അംബരചുംബികളായ കെട്ടിടസമുച്ചയങ്ങളുടെയും അന്തർവാഹിനികളുടെയും വികസനം മാത്രമാണ് എന്ന സങ്കുചിത ചിന്ത നാം ഉടച്ചുവാർക്കണം. സമൂഹത്തിന്റെ വളർച്ച-സമൂഹമനസ്സിന്റെ അപക്വതയിൽ നിന്നും പക്വതയിലേ-ക്കുള്ള പാകപ്പെടൽ പ്രക്രിയ കൂടിയാണ്. ആ അപക്വതയിൽ നിന്നും പക്വതയിലേക്കുള്ള ദൂരം കുറക്കുന്ന സുപ്രധാന ഘടകമാണ് - ശാസ്ത്രബോധം.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

Page No:

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 944 Participant Code: 325

ശാസ്ത്രമെന്താണ് എന്ന് ഒരു കുട്ടിയോട് ചോദിച്ചാൽ ഒരുപക്ഷേ – ഊർജ്ജതന്ത്രത്തിന്റെയും രസതന്ത്രത്തിന്റെയും ചില മടുപ്പിക്കുന്ന സമവാക്യങ്ങളോ സിദ്ധാന്തങ്ങളോ മറ്റോ ആയിരിക്കും ഓർമ്മവരിക. ഇത് വിരൽ ചൂണ്ടുന്നത് നമ്മുടെ സാമ്പ്രദായിക വിദ്യാഭ്യാസ രീതിയിൽ ശാസ്ത്രത്തെ കുട്ടികൾക്ക് പകർന്നുനൽകുന്ന രീതിയിലെ അപര്യാപ്തതയിലേക്കാണ്. ശാസ്ത്രീയ സമവാക്യങ്ങളോടൊപ്പം, ശാസ്ത്ര മൂല്യങ്ങളെക്കൂടി വരുംതലമുറയുടെ തലച്ചോറുകളിൽ നിക്ഷേപിക്കുവാനായാൽ, അത് വലിയൊരു സാംസ്കാരിക വിപ്ലവം കൂടിയായിരിക്കും. ഇന്നിലെ സമൂഹത്തിൽ അന്ധവിശ്വാസ– അനാചാര പ്രവണതകൾ വർദ്ധിച്ചുവരുമ്പോൾ, ഉയരാൻ മടിക്കുന്ന നാവുകൾക്കു നടുവിൽ, ഉയർത്തുവാൻ മടിക്കുന്ന കരങ്ങൾക്ക് നടുവിൽ ആശ്വസിക്കുവാൻ ഒരു കാക്കക്കാലിന്റെ തണലിടമായി ഒരു തലമുറ ഉയർന്നുവരുകയൊള്ളൂ.....

ഇന്നിലെ സമൂഹത്തിന്റെ അകക്കാമ്പിലേക്കാഴ്ന്നിറങ്ങി കാതലായ പരിവർത്തനങ്ങൾ ഉണ്ടാകുകയുള്ളൂ.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 944 Participant Code: 325

ശാസ്ത്രബോധം ഉണ്ടാകണം — അത് കേവലം ഭരണഘടനയുടെ അനുച്ഛേദങ്ങളിൽ ഒതുങ്ങിപ്പോകാതെ മറിച്ച് മനുഷ്യരാശിയിലേക്ക് മനുഷ്യമനസ്സുകളിലേക്ക് വികസിക്കണം.... കോടതിമുറിയിലെ നീതിദേവതയെപ്പോലെ സമൂഹത്തിലെ മൂല്യച്യുതികളോടുള്ള അവഗണ-യുടെ കണ്ണുകെട്ട് അഴിച്ചുമാറ്റേണ്ട അനിവാര്യ-ഘട്ടമാണിത്. ശാസ്ത്രബോധത്തിനല്ലാതെ മറ്റൊന്നിനും സമൂഹത്തെ അന്തരാളത്തിൽ പരിവർത്തനപ്പെടുത്താനാവുകയില്ല.

കേരളം — ശാസ്ത്രാവബോധത്തിൽ അമ്പേ പിന്നിലാണ് എന്ന പിന്തിരിപ്പൻ വാദത്തോട് എനിക്ക് യോജിപ്പില്ല! ചില ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവൽക്കരിക്കുന്നത് ഉചിതമല്ല! ഇത്തരസംഭവങ്ങളെ അപേക്ഷിച്ച് നമ്മുടെ ശാസ്ത്രാവബോധം മികവുറ്റതായി തന്നെ നിലനിൽക്കുന്നു. എന്നിരുന്നാലും ക്രിയാത്മകമായ മാറ്റങ്ങളെ നാം സ്വാഗതം ചെയ്തേമതിയാകൂ...!

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 944 Participant Code: 325

പണ്ട്കവി പാടിയതുപോലെ," മനുഷ്യനും, മാനത്തിന്റെ വികാസത്തും മനുഷ്യർ പരസ്പരം സ്നേഹിച്ചും വിഹരിച്ചും"---- ശാസ്ത്രബോധമുള്ള ~~[illegible]~~ തലമുറയായി, സമൂഹത്തിന്റെ ശക്തികേന്ദ്ര-ങ്ങളായി വളരുവാൻ നമുക്ക് ഒന്ന് പ്രയത്നിക്കാം, പ്രവർത്തിക്കാം....